

■ കെ.ടി അബ്ദുർറഹീം
■ സദ്റുദ്ദീൻ വാഴക്കാട്

# 'കൊച്ചിക്കാരനെന്താ മലബാർ ഭാഷ?'

പണ്ഡിതൻ, ചിന്തകൻ, പ്രഭാഷകൻ, സംഘാടകൻ. പള്ളിദർസ് വിദ്യാർഥിയും മുദർരിസുമായിരുന്നു. 1996-ൽ ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമായി. ഇസ്‌ലാമിലെ സകാത്ത് വ്യവസ്ഥ, ചിന്താ പ്രസ്ഥാനങ്ങൾ, ശീഈസം തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം. ആകർഷകവും പണ്ഡിതോചിതവുമായ പ്രഭാഷണ ശൈലി. മൗലികവും വ്യതിരിക്തവുമായ ചിന്തയുടെ ഉടമ. ശ്രദ്ധേയമായ ജുമുഅ ഖുത്വ്ബകൾ. യു.എ.ഇ, കുവൈത്ത്, ഒമാൻ, സുഊദി അറേബ്യ തുടങ്ങിയ നാടുകൾ സന്ദർശിച്ചു. ജമാഅത്തെ ഇസ്‌ലാമി കേരള ശൂറയിലും കേന്ദ്ര പ്രതിനിധി സഭയിലും അംഗം.

**മലപ്പുറം** ജില്ലയിലെ പെരിന്തൽമണ്ണക്കടുത്ത പട്ടിക്കാട് ഗ്രാമത്തിൽ കാരാട്ടുതൊടി കുടുംബത്തിൽ 1943-ലാണ് ഞാൻ ജനിച്ചത്. 'നെടുമ്പുറം' എന്നായിരുന്നു വീട്ടുപേര്. പണ്ഡിതന്മാരുടെ കുടുംബമായിരുന്നു ഞങ്ങളുടേത്. വാപ്പയുടെ പേര് മുഹമ്മദുബ്നു മുഹമ്മദ്. മുഹമ്മദ്കുട്ടി ഹാജിയെന്നും അഹ്മദ്കുട്ടി ഹാജിയെന്നും വിളിക്കാറുണ്ടായിരുന്നു. വല്ല്യുപ്പയുടെ വാപ്പയുടെ പേര് മൂസ. അതിനപ്പുറം ആരായിരുന്നു എന്നു ചോദിക്കരുത്. അത് ഒരുപക്ഷേ, നായരോ, തിയ്യനോ ഹരിജനോ ആയേക്കാം. ഉമ്മ അടുത്ത പ്രദേശത്തെ ഖാദിയുടെ മകളായിരുന്നു; ആഇശ. ഉമ്മാച്ചു എന്നാണ് വിളിച്ചിരുന്നത്.

പണ്ടുകാലത്ത് നടന്നു പോയി ഹജ്ജ് ചെയ്തവരാണ് വാപ്പയും വല്ല്യുപ്പയും. ഇവിടെനിന്ന് ബോംബെയിലേക്ക് തീവണ്ടിയിൽ യാത്ര. ബോംബെയിൽനിന്ന്  പായക്കപ്പലിൽ പോകും. യമനിലെ അദ്നിലായിരിക്കും കപ്പലടുക്കുക. അവിടെ ഇറങ്ങി മക്കയിലേക്ക് കാൽനടയായി പോകണം. വാപ്പ അവിടെവെച്ച് ചേരമാൻ പെരുമാളിന്റെ ഖബ്റ് കണ്ടിട്ടുണ്ട്. ആ സംഭവം വാപ്പ പറയാറുണ്ടായിരുന്നു. പിന്നീട് ചേരമാൻ പെരുമാളിന്റെ ഖബ്റ് കണ്ടപ്പോൾ വാപ്പയെയാണ് എനിക്ക് ഓർമ വന്നത്.

## ഖിലാഫത്ത് സമരം

കരിമ്പന മുസ്‌ലിയാരുടെ ദർസിലാണ് വാപ്പ ഓതിയിരുന്നത്. ബ്രിട്ടീഷുകാർക്കും അവരെ പിന്തുണച്ച ജന്മിമാർക്കുമെതിരെ തെക്കേ മലബാറിൽ കലാപം നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്. 1921-ലെ കലാപ സമയത്ത് ഇവിടെ അടുത്തുള്ള പെരിന്തൽമണ്ണ റോഡിലെ മുണ്ടത്തെ പാലം പൊളിക്കാൻ തീരുമാനിച്ച സമരക്കാർ വാപ്പയെയാണ് നേതാവായി തെരഞ്ഞെടുത്തത്. കൈയിലൊരു വാളും കൊടുത്ത് അവർ വാപ്പയേയും കുറേ ആളുകളേയും പാലം പൊളിക്കാനയച്ചു. വാപ്പക്ക് അതിനോട് യോജിപ്പുണ്ടായിരുന്നില്ല. ഖിലാഫത്ത് സമരക്കാർ നിർബന്ധിച്ച് പിടിച്ചുകൊണ്ട് പോയതാണ്.

അങ്ങനെ പാലം പൊളിച്ചു. അതോടെ പോലീസ് സമരക്കാർക്കെതിരെ കേസെടുത്തു. മുഖ്യപ്രതി വാപ്പയായിരുന്നു. 'മുഹമ്മദ് കുട്ടിയെ എവിടെ കണ്ടാലും വെടിവെച്ച് കൊല്ലണം' എന്നായിരുന്നു സർക്കാർ ഉത്തരവ്. എന്റെ ഒരു എളാപ്പയുണ്ടായിരുന്നു, മൂസ കുട്ടി മുസ്‌ലിയാർ. ലഹളക്കാലത്ത് അദ്ദേഹത്തെയും അറസ്റ്റ് ചെയ്തു കൊണ്ടുപോയിരുന്നു. കുറേ കാലം ജയിലിൽ കിടന്ന അദ്ദേഹത്തെ പിന്നീട് വിട്ടയച്ചു.

വാപ്പയെ എവിടെ കണ്ടാലും വെടിവെച്ച് കൊല്ലണമെന്ന് ബ്രിട്ടീഷുകാർ ഉത്തരവിറക്കിയതോടെ ഇവിടെ നിന്ന് രക്ഷപ്പെടണമെന്നായി. വല്ല്യുമ്മയുടെ ഒരു സഹോദരൻ അന്ന് പാലക്കാട് ഒറ്റപ്പാലത്തിനടുത്ത പറളിയിൽ താമസിച്ചിരുന്നു. വല്ല്യുപ്പ വാപ്പയെ ഉടനെ തന്നെ പറളിയിലേക്കയച്ചു. ഏറനാട്-വള്ളുവനാട് താലൂക്കിലാണ് കലാപമുണ്ടായിരുന്നത്. പാലക്കാട് വലിയ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. അങ്ങനെ വാപ്പ പറളിയിൽ അമ്മാവന്റെ അടുത്ത് താമസിച്ചു. പക്ഷേ, അവിടെ അധികനാൾ നിർത്താൻ അമ്മാവന് ധൈര്യം വന്നില്ല. അത് അപകടമാണെന്ന് അദ്ദേഹത്തിനു തോന്നി. പൊള്ളാച്ചിയിൽനിന്ന് കൊച്ചിയിലേക്ക് കന്നുകാലികളെ കൊണ്ട് പോയിരുന്നത് പറളിയിലൂടെയായിരുന്നു. അമ്മാവൻ വാപ്പയെ കന്ന് തെളിക്കാരുടെ കൂട്ടത്തിൽ കാശുംകൊടുത്ത് കൊച്ചിയിലേക്കയച്ചു. തിരുകൊച്ചിയിലെത്തിയാൽ ഒട്ടും അപകടമുണ്ടാവില്ല എന്നതായിരുന്നു കാരണം. അങ്ങനെ വാപ്പ കൊച്ചിയിലേക്ക് പോയി.

### ആലപ്പുഴയിലേക്ക്

കൊച്ചിയിൽനിന്ന് വാപ്പ ആലപ്പുഴയിലെത്തി. അവിടെ മസ്താൻ പള്ളിയിൽ ചെന്നു. കിഴക്കേ ജുമുഅത്ത് പള്ളിയാണ് 'മസ്താൻ' പള്ളി എന്ന പേരിലറിയപ്പെടുന്നത്. വലിയ പള്ളിയാണത്. അവിടെ ഒരു മഖ്ബറയുണ്ട്. ഏതോ ഒരു സ്വൂഫിയുമായി ബന്ധപ്പെട്ടാണ് ആ പേര് വന്നത്. 'മസ്ത്' പിടിച്ച ആളെയാണ് 'മസ്താൻ' എന്നുപറയുക. സ്വൂഫികളുടെ ഉന്മാദാവസ്ഥക്കാണ് 'മസ്ത്, ജദ്ബ്' എന്നൊക്കെ പറയുന്നത്. ഇതിൽനിന്നാണ് മസ്താൻ എന്ന പ്രയോഗമുണ്ടായത്. വാപ്പ അവിടെ താമസിച്ചു. പള്ളിക്കുളത്തിലിറങ്ങി കുളിക്കും, നമസ്കരിക്കും, ഭക്ഷണം കഴിക്കാൻ കാശില്ലാതിരുന്നതിനാൽ വെള്ളംകുടിക്കും, പള്ളിയിൽ കിടന്നുറങ്ങും. ഒന്നുരണ്ട് ദിവസം അങ്ങനെ കഴിഞ്ഞു. നമസ്കരിക്കാൻ വന്ന ഒരാൾ വാപ്പയോട് എവിടന്ന് വന്നതാണെന്ന ന്വേഷിച്ചു. അദ്ദേഹം രണ്ടുദിവസമായി വാപ്പയെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. 'ഞാൻ കൊച്ചിയിൽനിന്ന് വരികയാണ്' - വാപ്പ പറഞ്ഞു. 'കൊച്ചിക്കാരനെന്താ മലബാർ ഭാഷ?' - അദ്ദേഹത്തിന് സംശയം. വാപ്പ സംസാരിച്ചിരുന്നത് മലബാർ ഭാഷയായിരുന്നു. അപ്പോൾ വാപ്പ സത്യം പറഞ്ഞു: 'ഞാൻ കലാപത്തിൽ പ്രതിയാക്കപ്പെട്ടതിനാൽ ഓടിപ്പോന്നതാണ്.' 'എന്തായിരുന്നു പണി?' - അദ്ദേഹത്തിന്റെ അടുത്ത ചോദ്യം. 'ചായക്കടയായിരുന്നു' - വാപ്പയുടെ മറുപടി. അദ്ദേഹം വാപ്പയുടെ കൈപിടിച്ചു നോക്കി. 'ഈ കൈകൊണ്ട് ചായ പാർന്നിട്ടില്ലല്ലോ? ഇത് പുസ്തകം പിടിച്ച കൈയാണ്.' കൈയിലെ തഴമ്പ് നോക്കിയായിരുന്നു അദ്ദേഹമത് പറഞ്ഞത്. അതോടെ വാപ്പ ദർസിൽ പഠിച്ചതും മറ്റു കാര്യങ്ങളുമെല്ലാം തുറന്നുപറഞ്ഞു. അദ്ദേഹം ഭക്ഷണം കഴിക്കാൻ കാശെടുത്തു കൊടുത്തു. മലബാർ ഭാഗത്തുനിന്ന് വന്ന് ആലപ്പുഴയിൽ കച്ചവടം ചെയ്തിരുന്ന പ്രഗത്ഭനായ ഒരാളായിരുന്നു അദ്ദേഹം.

പിന്നീട് വാപ്പയോട് ആ പള്ളിയിൽ ദർസ് തുടങ്ങാനും കുട്ടികളെ പരിസരപ്രദേശങ്ങളിൽനിന്ന് സംഘടിപ്പിക്കാനും അദ്ദേഹം പറഞ്ഞു. അങ്ങനെ വാപ്പ ആദ്യമായി മസ്താൻ പള്ളിയിൽ ദർസ് ആരംഭിച്ചു. 1921 മുതൽ '26 വരെ അഞ്ചുവർഷക്കാലം അവിടെ മുദർരിസായി. ഈ കാലം കൊണ്ട് വാപ്പ അവിടെ പ്രശസ്തനായിത്തീർന്നു. അതിനിടക്ക് ഒന്നുരണ്ടു തവണ രഹസ്യമായി നാട്ടിൽ വരികയുണ്ടായി. പിന്നീട് കേസിന് തുമ്പില്ലാതായി. ശേഷം നാട്ടിൽ വരികയും വിവാഹം കഴിക്കുകയും ചെയ്തു.

അതിനുശേഷം ആലപ്പുഴ പടിഞ്ഞാറേ കടപ്പുറത്തെ അൽ മദ്റസത്തുൽ മുഹമ്മദിയയിലേക്കു മാറി. അവിടെ ഒരു വലിയ പള്ളിയുണ്ട്. അതായിരുന്നു കേന്ദ്രം. അഞ്ചുവർഷം അവിടെ നിന്നു. അതിനുശേഷം പുളിമുട്ട് തൈക്കാവിലേക്ക് മാറി. അതൊരു നമസ്കാരപള്ളിയായിരുന്നു. അന്ന് ജുമുഅ ഉണ്ടായിരുന്നില്ല. ഇപ്പോഴവിടെ ജുമുഅയുണ്ട്. അതായിരുന്നു വാപ്പയുടെ പ്രധാന പ്രവർത്തന കേന്ദ്രം. അവിടെ ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു. 'ഹാജി ഉസ്താദ്' എന്ന പേരിലായിരുന്നു വാപ്പ ആലപ്പുഴയിൽ അറിയപ്പെട്ടിരുന്നത്. പണക്കാർക്കും പാവങ്ങൾക്കും ഇടയിൽ വാപ്പക്ക് വലിയ സ്ഥാനമായിരുന്നു. വാപ്പ ഒരു കാര്യം പറഞ്ഞാൽ പണ്ഡിതന്മാരോ, പൊതുജനങ്ങളോ ആരുംതന്നെ എതിര് പറയുമായിരുന്നില്ല. ആലപ്പുഴ പട്ടണത്തിലെ അമുസ്‌ലിംകൾ പോലും വാപ്പയെ അംഗീകരിച്ചിരുന്നു. ഹാജി ഉസ്താദ് എന്നു പറഞ്ഞാൽ ഇന്നും അവിടത്തെ മുതിർന്ന തലമുറക്കറിയാം. 21 കൊല്ലം വാപ്പ അവിടെയാണ് ജീവിച്ചത്.

### യാഥാസ്ഥിതികത്വത്തിനെതിരെ

സുന്നീ പാരമ്പര്യത്തിൽ ജീവിച്ച, ഒരു സംഘടനയോടും എതിർപ്പില്ലാത്ത പണ്ഡിതനായിരുന്നു വാപ്പ. ആരെയും ആക്ഷേപിക്കുമായിരുന്നില്ല. യാഥാസ്ഥിതികത്വവും ഉണ്ടായിരുന്നില്ല. ഖുർആൻ പരിഭാഷപ്പെടുത്തണമെന്ന അഭിപ്രായക്കാരനായിരുന്നു. ഉമ്മക്ക് വായിക്കാൻ കൊടുത്തിരുന്നത് അമ്മ ജുസ്ഇന്റെ അറബി മലയാളം പരിഭാഷയായിരുന്നു. അടുത്തകാലം വരെ അത് വീട്ടിൽ ഉണ്ടായിരുന്നു. മൗലിദും റാത്തീബുമൊക്കെ കഴിച്ചുകൊടുക്കാറുണ്ടായിരുന്നു. ആളുകൾ വിളിച്ചാൽ അവരുടെ വീട്ടിൽപോയി ചെയ്തുകൊടുക്കും. എന്നാൽ ഞങ്ങളുടെ വീട്ടിൽ വാപ്പ ഒരിക്കലും മൗലിദും റാത്തീബും കഴിക്കാറുണ്ടായിരുന്നില്ല. സത്യത്തിൽ വാപ്പക്ക് അതിലൊന്നും വലിയ വിശ്വാസമുണ്ടായിരുന്നില്ല. 'സമസ്ത'യിലും വാപ്പ അംഗമായിരുന്നില്ല.

ശാന്തപുരം മഹല്ല് ജമാഅത്തെ ഇസ്‌ലാമിക്കു കീഴിൽ വന്നപ്പോൾ ഒരു ബഹിഷ്കരണമുണ്ടായി. ജമാഅത്തുകാരുമായി വിവാഹബന്ധം പാടില്ല, കല്യാണങ്ങളിൽ പങ്കെടുക്കരുത് തുടങ്ങിയവയായിരുന്നു ബഹിഷ്കരണത്തിലെ പ്രധാന നിബന്ധനകൾ. ബഹിഷ്കരണ പ്രമേയം പാസാക്കിയ മഹല്ല് യോഗത്തിൽനിന്ന് പ്രതിഷേധം പ്രകടിപ്പിച്ച് വാപ്പ ഇറങ്ങിപ്പോവുകയാണുണ്ടായത്. 'നമസ്കരിക്കാത്തവരെയും സകാത്ത് നൽകാത്തവരെയും നോമ്പെടുക്കാത്തവരെയും മഹല്ല് ബഹിഷ്കരിക്കേണ്ടതല്ലേ, അതല്ലേ ആദ്യം ചെയ്യേണ്ടത്' എന്നായിരുന്നു വാപ്പ ചോദിച്ചത്. നാട്ടിൽ വരുമ്പോൾ വാപ്പക്ക് എല്ലാതരം ബന്ധങ്ങളുമുണ്ടായിരുന്നത് ജമാഅത്ത്

പ്രവർത്തകരുമായാണ്. ജമാഅത്ത് പ്രവർത്തകരായിരുന്ന കുഞ്ഞാണിഹാജിയുടെ പിതാവ് മൊയ്തുഹാജിയും കുഞ്ഞു സാഹിബിന്റെ പിതാവ് ആലു മുട്ടി ഹാജിയുമായിട്ടാണ് സാമ്പത്തിക ഇടപാടുകൾ നടത്തിയിരുന്നത്. ഉമ്മ ഒരിക്കൽ 'അവർ മൗദൂദികളല്ലേ' എന്ന് ചോദിച്ചു. 'എന്ത് മൗദൂദി, അവർ നല്ല മനുഷ്യരാണ്, അഞ്ച് വഖ്ത് നമസ്കരിക്കുന്നവരുമാണ്' എന്ന് വാപ്പ ഉമ്മയെ തിരുത്തിയത് ഞാൻ കേട്ടിട്ടുണ്ട്.

**പള്ളിദർസിൽ**

ഞാൻ വിദ്യാഭ്യാസമാരംഭിക്കുന്നത് പട്ടിക്കാട്ടെ ഓത്തുപള്ളിയിലാണ്. ഒരു വർഷത്തെ പ്രാഥമിക വിദ്യാഭ്യാസമാണ് ഓത്തുപള്ളിയിൽനിന്ന് നേടിയത്. കുഞ്ഞയമു എന്ന ആളായിരുന്നു ഓത്തുപള്ളിയിലെ മൊല്ലാക്ക. അഞ്ചാം വയസിലാണ് ഞാൻ ഓത്തുപള്ളിയിൽ പോയത്. അടുത്തവർഷം പള്ളിദർസിലുമെത്തി.

രണ്ടാമത്തെ വർഷമാണ് ഞാൻ ദർസിൽ പഠനമാരംഭിച്ചത്. അമാനത്ത് കോയണ്ണി മുസ്‌ലിയാരായിരുന്നു മുദർരിസ്. സമസ്തയുടെ പ്രമുഖ പണ്ഡിതനായിരുന്ന അദ്ദേഹം മുഹമ്മദ് അമാനി മൗലവിയുടെ അനുജനാണ്. അദ്ദേഹത്തിന്റെ കീഴിൽ ഏഴാമത്തെ വയസിൽ ഞാൻ *ഖതറുന്നിദാ* ഓതാൻ തുടങ്ങി. നഹ്‌വിന്റെ ആധികാരിക ഗ്രന്ഥമാണ് *ഖതറുന്നിദാ*.

പള്ളിദർസിൽ ചേർന്ന രണ്ടാം വർഷം സ്കൂളിൽ പോകാനാരംഭിച്ചു. രണ്ടാം ക്ലാസിലാണ് ചേർന്നത്. ഒന്നാം ക്ലാസിൽ പഠിക്കേണ്ടതെല്ലാം നേരത്തേ ജ്യേഷ്ഠന്മാരിൽനിന്ന് പഠിച്ചിരുന്നു. രണ്ടാം ക്ലാസിൽ ചേർന്ന ഞാൻ ആകെ രണ്ടുമാസം മാത്രമേ സ്കൂളിൽ പോയുള്ളൂ. അധ്യാപകനായിരുന്ന ഒരു 'വാര്യരാ'യിരുന്നു എന്റെ പ്രശ്നം. സ്കൂൾ പഠനം നിർത്തി. എന്റെ ക്ലാസ് ടീച്ചർ വീട്ടിൽവന്ന് സ്കൂളിലേക്ക് തിരിച്ചുകൊണ്ടുപോകാൻ ശ്രമം നടത്തി. 'നന്നായി പഠിക്കുന്ന കുട്ടിയാണ് അവനെ സ്കൂളിലയക്കണം' എന്നെല്ലാം അദ്ദേഹം ഉമ്മയോട് പറഞ്ഞുനോക്കി. പക്ഷേ, ഉമ്മ എന്നെ നിർബന്ധിച്ച് സ്കൂളിലയക്കാൻ ഒരുക്കമായിരുന്നില്ല. 'നമസ്കരിക്കാൻ പോലും എനിക്കവനെ നിർബന്ധിക്കേണ്ടിവന്നിട്ടില്ല, പിന്നെ സ്കൂളിൽ പോകുന്ന കാര്യത്തിന് എനിക്കങ്ങനെ ചെയ്യാൻ പറ്റുമോ' എന്നായിരുന്നു ഉമ്മയുടെ

> ഉറച്ച യാഥാസ്ഥിതികനായിരുന്ന ഞാൻ ത്വരീഖത്തിൽ തുടരേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയിരുന്നു. പക്ഷേ, ചില അനുഭവങ്ങൾ ത്വരീഖത്തിനെ കുറിച്ച എന്റെ മതിപ്പ് നഷ്ടപ്പെടുത്തി. ചില ശൈഖുമാരുമായി ബന്ധപ്പെട്ട സദാചാര പ്രശ്നങ്ങൾ ഉണ്ടാവുകയും അതെന്നെ ത്വരീഖത്തിൽനിന്ന് അകറ്റുകയും ചെയ്തു. അനുഭവങ്ങളുടെ വെളിച്ചത്തിൽ ശൈഖുമാരിൽ മതിപ്പു നഷ്ടപ്പെട്ടതോടെ ത്വരീഖത്തുകളിലുള്ള എന്റെ വിശ്വാസം കുറയുകയും ഞാൻ ത്വരീഖത്ത് ഉപേക്ഷിക്കുകയും ചെയ്തു.

ചോദ്യം. അങ്ങനെ ഞാൻ വിജയിച്ചു.

മുള്ള്യാകുർശി മഹല്ല് ജമാഅത്തെ ഇസ്‌ലാമി പക്ഷത്തേക്ക് മാറിയതോടെ അവിടത്തെ പള്ളിയിൽ കോയണ്ണി മുസ്‌ലിയാർക്ക് ദർസ് നടത്താൻ സാധ്യമല്ലാതെ വന്നു. അദ്ദേഹം പട്ടിക്കാട് പള്ളിയിലേക്ക് ദർസ് മാറ്റി. ഞാനും അദ്ദേഹത്തോടൊപ്പം പട്ടിക്കാട്ടേക്ക് പോയി. അവിടെ ഒരു വർഷം പഠിച്ചു.

പതിനാലാം വയസിൽ കോയണ്ണി മുസ്‌ലിയാരുടെ കീഴിലുള്ള പഠനം മതിയാക്കി ഞാൻ ആലപ്പുഴയിലേക്ക് പോയി. വാപ്പ അന്ന് പുളിമുട്ട് തൈക്കാവിൽ ദർസ് നടത്തുകയായിരുന്നു. വാപ്പയുടെ കീഴിലായി പിന്നീട് എന്റെ പഠനം. അൽഫിയ തുടങ്ങിയ കിതാബുകൾ ഓതി. പിന്നീട് ജ്യേഷ്ഠൻ അബ്ദുല്ലയുടെ കൂടെ ചേർന്ന് പഠനമാരംഭിച്ചു. ജ്യേഷ്ഠൻ അന്ന് മസ്താൻ പള്ളിയിലെ മുദർരിസായിരുന്നു. പിന്നീട് ഉമയനല്ലൂരിലേക്കും ശേഷം കൊല്ലം കൊല്ലൂവിളയിലെ മഅ്ദിനുൽ ഉലൂമിലേക്കും മാറി. അവിടെ അഞ്ചുവർഷം ഞാൻ പഠിച്ചു.

മഅ്ദിനുൽ ഉലൂമിൽ പഠനം പൂർത്തിയാക്കി ഇറങ്ങിയ ആദ്യബാച്ച് ഞങ്ങളുടേതാണ്. പിന്നീടാണ് അവിടെ നിന്ന് 'മഅ്ദനി' ബിരുദം നൽകാൻ തുടങ്ങിയത്.

**ഖുർആനിലേക്ക്**

പള്ളിദർസിലെ പഠനം എനിക്ക് നന്നായി പ്രയോജനപ്പെട്ടിട്ടുണ്ട്. കുറച്ച് വിഷയങ്ങളാണ് പഠിക്കാനുണ്ടാവുക. അതുകൊണ്ടുതന്നെ നന്നായി തഹ്ഖീകാക്കി പഠിക്കാൻ സാധിക്കും. അറബി ഭാഷാ വ്യാകരണം, തർക്കശാസ്ത്രം, അറബി സാഹിത്യം തുടങ്ങിയവയായിരുന്നു എനിക്ക് താൽപര്യമുള്ള പ്രധാന വിഷയങ്ങൾ. തർക്കശാസ്ത്ര(മൻത്വിഖ്) പഠനം ചിന്തകളുടെ വികാസത്തിന് ഏറെ സഹായിച്ചിട്ടുണ്ട്. ആദ്യകാലത്ത് ചിന്താപരമായി വളരാനും പാണ്ഡിത്യം നേടാനുമുള്ള അവസരം പള്ളിദർസിൽ ഉണ്ടായിരുന്നു. ചിലർ അത് ഉപയോഗപ്പെടുത്തും. മുദർരിസുമാർ ആ വിധത്തിൽ കുട്ടികളെ നയിക്കുന്നവരും പ്രചോദിപ്പിക്കുന്നവരുമാണെങ്കിലേ അത് ഫലപ്രദമാവൂ. എന്നാൽ ഇതിനൊരു മറുവശമുണ്ട്. ചിലർ കിതാബുകൾ ഓതിപ്പഠിപ്പിക്കുക മാത്രമാണ് ചെയ്യുക. അതിലുള്ളതിനെക്കുറിച്ച് ചിന്തിക്കുകയോ മനസ്സിലാക്കുകയോ ചെയ്യില്ല. ഖുർആൻ അർഥവും പഠിപ്പിക്കാറുണ്ടായിരുന്നില്ല. ദർസിൽ കിതാബുകൾ ഓതുന്നവർക്ക് എന്തിനാണ് അവ ഓതുന്നതെന്ന് അറിയുമായിരുന്നില്ല. അടുത്ത തലമുറയെ ചൊല്ലി പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ളവർ ചൊല്ലിപ്പഠിക്കുകയാണ് ചെയ്തിരുന്നത്. പഠിക്കുന്നത് പ്രാവർത്തികമാക്കുകയെന്ന ചിന്ത ഒട്ടും ഉണ്ടായിരുന്നില്ല. ഒരുതരം യാന്ത്രികതയായിരുന്നു ദർസ് വിദ്യാഭ്യാസത്തിന്റെ സ്വഭാവം. തബർറുകിന് വേണ്ടിയാണ് കിതാബുകൾ പഠിക്കുന്നത് എന്നതായിരുന്നു മുതഅല്ലിമീങ്ങൾക്കിടയിലെ പൊതുകാഴ്ചപ്പാട്. പിൽക്കാലത്ത് നിലവാരം കുറഞ്ഞ വിദ്യാർഥികളുടെ വരവും ജോലി ലക്ഷ്യമാകലും സംഭവിച്ചതോടെ പാണ്ഡിത്യം നേടുന്ന പഴയ സ്വഭാവം നഷ്ടപ്പെടുകയാണുണ്ടായത്.

വിശുദ്ധ ഖുർആനിലേക്ക് കൂടുതലായി അടുക്കാനുള്ള പ്രേരണയുണ്ടായത് പള്ളിദർസിലെ പഠനത്തെ തുടർന്നാണ്. ഫിഖ്ഹ് ഗ്രന്ഥങ്ങളും തഫ്സീറുകളുമാണ് പ്രധാനമായും പഠിക്കാനുണ്ടാവുക. പൊതുവെ ഹദീസിനെക്കാൾ ഫിഖ്ഹിനാണ് പ്രാധാന്യം നൽകപ്പെട്ടിരുന്നത്. എന്നാൽ, ഫിഖ്ഹ് ഗ്രന്ഥങ്ങളെക്കാൾ ഹദീസുകൾക്കാണ് സ്ഥാനം കൊടുക്കേണ്ടത് എന്ന് ഞാൻ മനസ്സിലാക്കി. നബി(സ)ക്ക് നമസ്കാരത്തിൽ മറവി സംഭവിച്ച് ളുഹർ രണ്ട് റക്അത്ത് നമസ്കരിച്ചതും പിന്നീട് സ്വഹാബികൾ ചോദിച്ചപ്പോൾ നബി രണ്ട് റക്അത്ത്

കൂടി നമസ്കരിച്ച് തെറ്റ് തിരുത്തിയതുമായ ഒരു സംഭവമുണ്ട്. ഒരു സുഹൃത്ത് ഇതേക്കുറിച്ച് പറഞ്ഞു: 'അത് ഫിഖ്ഹിൽ പറഞ്ഞിട്ടുണ്ടല്ലോ!' ഞാൻ പറഞ്ഞു: 'അത് ഫിഖ്ഹിൽ പറഞ്ഞതല്ല; ഹദീസ് ഗ്രന്ഥങ്ങളിൽ ഉള്ളതാണ്.' ഇങ്ങനെ ഫിഖ്ഹ് ഗ്രന്ഥങ്ങൾക്ക് ഹദീസിനെക്കാൾ പ്രാധാന്യം നൽകപ്പെടുന്നത് മാറ്റി നബിയുടെ സുന്നത്തിന് സ്ഥാനം നൽകണം എന്ന ചിന്ത എനിക്കുണ്ടായി.

ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ ചിലത് വായിച്ചപ്പോൾ അവയിലുള്ള പല വിവരണങ്ങളും ശരിയല്ലെന്ന ധാരണയാണ് എനിക്കുണ്ടായത്. ദാവൂദ് നബിയുടെയും സുലൈമാൻ നബിയുടെയും വിവാഹം തുടങ്ങി പല കാര്യങ്ങളിലും തെറ്റായതും പ്രവാചകന്മാരുടെ വ്യക്തിത്വങ്ങളെ അവഹേളിക്കുന്നതുമായ ഇസ്രാഈലിയ്യാത്തുകൾ പലതിലും കടന്നുകൂടിയിട്ടുണ്ട്. പല വിവരണങ്ങളും സൂക്തങ്ങളുടെ ചൈതന്യം ഉൾക്കൊള്ളുന്നതുമല്ല. അതെല്ലാം മാറ്റിവെച്ച് ഖുർആനെ സുന്നത്തിന്റെ വെളിച്ചത്തിൽ കഴിവതും നേരിട്ടു സമീപിക്കണം എന്നായിരുന്നു എന്റെ ചിന്ത.

### ത്വരീഖത്ത് അനുഭവം

ദർസിൽ പഠിച്ചു കൊണ്ടിരിക്കുമ്പോൾ വിവിധ കിതാബുകളിൽനിന്നും ഉസ്താദുമാരിൽനിന്നും തസ്വവ്വുഫിനെയും ത്വരീഖത്തുകളെയും കുറിച്ച് മനസ്സിലാക്കിയിരുന്നു. ഏതെങ്കിലുമൊരു ത്വരീഖത്തിൽ ചേരേണ്ടത് അനിവാര്യമാണെന്ന ധാരണ അതുവഴി മനസ്സിലുണ്ടായി.

ആലപ്പുഴയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ശൈഖ് നൂരിഷാ തങ്ങൾ അവിടെ സന്ദർശിക്കാൻ വരികയുണ്ടായി. മുഹ്‌യിദ്ദീൻ ശൈഖിന്റെ 21-ാം തലമുറയിലെ പേരക്കുട്ടിയും ഖാദിരിയ്യ ത്വരീഖത്തിന്റെ ശൈഖുമായാണ് നൂരിഷാ അറിയപ്പെട്ടിരുന്നത്. മസ്താൻ പള്ളിയിൽ നൂരിഷ രണ്ടു ദിവസത്തെ പ്രഭാഷണം നടത്തി. പരപ്പനങ്ങാടിയിലെ ഉസ്മാൻ സാഹിബും ആലുവയിലെ നൂഹ് മൗലവിയും ആണ് പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തിയിരുന്നത്. നല്ല ആഴമുള്ള പ്രസംഗമായിരുന്നു നൂരിഷയുടേത്. പ്രസംഗം കഴിഞ്ഞപ്പോൾ കുറേ ആളുകൾ പള്ളിയിൽ വെച്ചുതന്നെ നൂരിഷാ തങ്ങൾക്ക് ബൈഅത്ത് ചെയ്തു. ഞാനും അവി

> ശാന്തപുരം മഹല്ല് ജമാഅത്തെ ഇസ്‌ലാമിക്കു കീഴിൽ വന്നപ്പോൾ ഒരു ബഹിഷ്കരണമുണ്ടായി. ജമാഅത്തുകാരുമായി വിവാഹബന്ധം പാടില്ല, കല്യാണങ്ങളിൽ പങ്കെടുക്കരുത് തുടങ്ങിയവയായിരുന്നു ബഹിഷ്കരണത്തിലെ പ്രധാന നിബന്ധനകൾ. ബഹിഷ്കരണ പ്രമേയം പാസാക്കിയ മഹല്ല് യോഗത്തിൽ നിന്ന് പ്രതിഷേധം പ്രകടിപ്പിച്ച് വാപ്പ ഇറങ്ങിപ്പോവുകയാണുണ്ടായത്. 'നമസ്കരിക്കാത്തവരെയും സകാത്ത് നൽകാത്തവരെയും നോമ്പെടുക്കാത്തവരെയും മഹല്ല് ബഹിഷ്കരിക്കേണ്ടതല്ലേ, അതല്ലേ ആദ്യം ചെയ്യേണ്ടത്' എന്നായിരുന്നു വാപ്പ ചോദിച്ചത്.

ടെവെച്ച് അദ്ദേഹത്തിന് ബൈഅത്ത് ചെയ്തു. അൻഫാസിയ്യായ ദിക്ർ അദ്ദേഹം പഠിപ്പിച്ചുതന്നു.

ആലപ്പുഴയിൽ ഒരു ശൈഖുണ്ടായിരുന്നു. 'ശൈഖുനാ' എന്നാണ് വിളിച്ചിരുന്നത്. പേരൊന്നും അറിയുമായിരുന്നില്ല. മുടി നീട്ടിവളർത്തിയ, വെളുത്ത, സുമുഖനും ആരോഗ്യവാനുമായിരുന്നു അദ്ദേഹം. ചാവക്കാട് സ്വദേശിയായ ശൈഖുനാ ആലപ്പുഴയിൽനിന്നാണ് വിവാഹം കഴിച്ചിരുന്നത്. ജ്യേഷ്ഠൻ ആലപ്പുഴ ശൈഖിന്റെ മുരീദായി. ഞാനും ശൈഖിന് ബൈഅത്ത് ചെയ്തു. തിരുവനന്തപുരം ബീമാപള്ളിയിൽ ഞാനും ത്വരീഖത്തുകാരുടെ കൂടെ പോയിട്ടുണ്ട്. അത്തരം യാത്രകൾക്ക് 'ഖാഫില' എന്നാണ് പറയുക. ബീമാപള്ളിയുടെ അടുത്ത് ജലാലുദ്ദീൻ തൈക്കാവുണ്ട്. ശൈഖിന്റെ ജ്യേഷ്ഠൻ ജലാലുദ്ദീന്റെ പേരിലുള്ള ത്വരീഖത്ത് കേന്ദ്രമാണിത്. അവിടെ വെച്ച് നമസ്കരിച്ച ശേഷമാണ് ഞാൻ ശൈഖിന് ബൈഅത്ത് ചെയ്ത് മുരീദായത്. അതോടെ എനിക്ക് രണ്ട് ശൈഖുമാരായി, ഒന്ന് നൂരിഷാ, രണ്ടാമത്തേത് ആലപ്പുഴ ശൈഖ്!

ഞാൻ മാടനടയിൽ മുദർരിസായ സമയത്ത് നൂരിഷാ ത്വരീഖത്തിന്റെ ശൈഖായിരുന്ന ബി. കുട്ടിഹസൻഹാജി അവിടെ വന്നു. ബി. കുട്ടിഹസൻഹാജി നല്ല പ്രസംഗകനായിരുന്നു. കുറേക്കാലം നൂരിഷയുടെ കൂടെ നടന്നു. പ്രസംഗങ്ങൾ വിവർത്തനം ചെയ്തും പലതും കേട്ടുപഠിച്ചും ശൈഖായതാണ്. നല്ലവാചാലനായിരുന്ന കുട്ടിഹസൻഹാജി ത്വരീഖത്തിൽ വരുന്നതിന് മുമ്പ് പട്ടാളത്തിൽ ജോലി ചെയ്തിട്ടുണ്ടത്രെ. ഉർദു, ഇംഗ്ലീഷ് പരിജ്ഞാനവുമുണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ച് യാത്രചെയ്തിട്ടുണ്ട്. എന്റെ പ്രസംഗം അദ്ദേഹം കേൾക്കുകയും ചെയ്തിരുന്നു. കുട്ടിഹസൻ ഹാജി എനിക്ക് ഒരു ഇജാസത്ത് തരികയും കുറേ രിയാളകൾ -പരിശീലനമുറകൾ- പഠിപ്പിച്ചു തരികയും ചെയ്തു. സുബ്ഹിന് ശേഷം ഏഴു പ്രാവശ്യം ഫാതിഹ ഓതുക, ചില ദിക്റുകൾ ചൊല്ലുക തുടങ്ങിയവയായിരുന്നു പ്രധാനം. പല ദിക്റുകളും അവർ തന്നെ ഉണ്ടാക്കിയതായിരുന്നു. അതോടെ എനിക്ക് മൂന്നാമതൊരു ശൈഖുകൂടി ഉണ്ടായി, ബി. കുട്ടിഹസൻ ഹാജി!

അന്ന് ഉറച്ച യാഥാസ്ഥിതികനായിരുന്ന ഞാൻ ത്വരീഖത്തിൽ തുടരേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയിരുന്നു. പക്ഷേ, ചില അനുഭവങ്ങൾ ത്വരീഖത്തിനെകുറിച്ച എന്റെ മതിപ്പ് നഷ്ടപ്പെടുത്തി. ചില ശൈഖുമാരുമായി ബന്ധപ്പെട്ട സദാചാര പ്രശ്നങ്ങൾ ഉണ്ടാവുകയും അതെന്നെ ത്വരീഖത്തിൽനിന്ന് അകറ്റുകയും ചെയ്തു.

അനുഭവങ്ങളുടെ വെളിച്ചത്തിൽ ശൈഖുമാരിൽ മതിപ്പു നഷ്ടപ്പെട്ടതോടെ ത്വരീഖത്തുകളിലുള്ള എന്റെ വിശ്വാസം കുറയുകയും ഞാൻ ത്വരീഖത്ത് ഉപേക്ഷിക്കുകയും ചെയ്തു.

(തുടരും)